# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3448** **14.10.2011-ൽ മറുപടിക്ക്**

## <u>കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ പ്രധാനമായും അരീനാ ലൈറ്റിംഗ്, അരീനാ ഫ്ളോറിംഗ്, മുറികളുടെയും ബാത്ത് റൂമുകളുടെയും നവീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ 90% പണികളും പൂർത്തിയായിട്ടുണ്ട്; |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് വകയിരുത്തിയതെന്നും എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) ഈ പ്രവൃത്തിയ്ക്കു മാത്രമായി പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല.. നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ വകയിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012 മാർച്ച് 31-നകം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ